ഡാ കനാലിൽ ഈയിടെ നടന്നതുപോലുള്ള അട്ടിമറി പ്രവർത്തനങ്ങൾ വിദഗ്ധമായി ആസൂത്രണംചെയ്തു നടത്താൻ, ക്രുദ്ധമായ ഒരു ന്യൂനപക്ഷ വിഭാഗത്തിന് ഇന്ത്യയിൽ ഒരു പ്രയാസവും ഉണ്ടായിരിക്കയില്ല.

അമൃതസരസ്സിലെ കലാപത്തിന്റെ തീപ്പൊരി, അതൊരു അഗ്നിപ്രളയമായി മാറുംമുമ്പ്, തല്ലിക്കെടുത്താൻ പട്ടാളത്തിനു കഴിഞ്ഞു. ഈ കാര്യത്തിൽ പട്ടാളം കൈക്കൊണ്ട മിതത്വവും സംയമവും രാജ്യത്തിന്റെ മുഴുവൻ പ്രശംസയർഹിക്കുന്നു.

അതേസമയം, സിഖ്കാരുടെ ഹൃദയങ്ങളിലെ വ്രണം ചീഞ്ഞളിഞ്ഞു് രാഷ്ട്രശരീരത്തെയാകെ വിഷദൂഷിതമാക്കുംമുമ്പ് ആ ഹൃദയങ്ങളിൽ ആശ്വാസദായകമായ ഔഷധലേപനം നടത്തുവാൻ നമ്മുടെ രാഷ്ട്രീയ നേതൃത്വത്തിനു കഴിയുമോ? ഇക്കാര്യത്തിൽ പറയത്തക്ക യാതൊരു സഹായവും പ്രതിപക്ഷകക്ഷികളിൽനിന്നോ അവയുടെ നേതാക്കളിൽനിന്നോ ലഭിക്കുക സാദ്ധ്യമല്ലെന്ന് ഇതിനകം വ്യക്തമാക്കിയിട്ടുണ്ട്. ഇന്ദിരാഗാന്ധിയുടെ സംഭാവന ഈ രംഗത്ത് എന്തായിരിക്കുമെന്ന് ഇനിയങ്ങോട്ടു കണ്ടറിയണം. സിഖ്സമൂഹത്തിലെ തലമുതിർന്ന, അതേസമയം അധികാരരാഷ്ട്രീയവടംവലികളിൽനിന്നു വിട്ടുനിൽക്കുന്ന, നേതാക്കൾ, ബുദ്ധിജീവികൾ, യുവജനങ്ങൾ എന്നിവർക്ക്, സിഖ്സമൂഹത്തെ ഇന്നു ബാധിച്ച അന്യതാബോധം അകറ്റി അവരെ രാഷ്ട്രജീവിതത്തിന്റെ മുഖ്യധാരയിലേക്കു തിരിച്ചുകൊണ്ടുവരാൻ ഒരുപക്ഷേ, കഴിഞ്ഞേക്കും. തങ്ങളോടൊപ്പമുള്ള സിഖ്കാരുമായി സമ്പർക്കം സ്ഥാപിക്കുകയും, അവരുടെ മാനസിക വൈക്ലബ്യം പരിഹരിക്കുന്നതിൽ യഥാശക്തി സഹായിക്കുകയും ചെയ്യുകവഴി, ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലുമുള്ള അന്യമതസ്ഥർക്കും ഈ പ്രക്രിയയെ ത്വരിതപ്പെടുത്താൻ സാധിക്കും.

ഒരു ജനതയെന്ന നിലയിൽ നമ്മുടെയെല്ലാം വിവേകം ഇവിടെ പരീക്ഷിക്കപ്പെടുകയാണ്.

(21 ജൂൺ, 1984)

## 20. ശിരോമണി ഗുരുദ്വാര പ്രബന്ധക് സമിതിയും അകാലിദളും....

പഞ്ചാബിൽ അമൃതസരസ്സിലെ സുവർണക്ഷേത്രം ഭിന്ദ്രൻവാലേയുടെ പ്രതിരോധദുർഗവും ആയുധശാലയുമായിത്തീർന്നതെങ്ങനെ? ഗുരുദ്വാരകൾ കലാപകേന്ദ്രങ്ങളായി മാറിയതിന് ആർ ഉത്തരവാദി?

ഏതെങ്കിലും ഇടവകയിലെ ക്രിസ്ത്യൻപള്ളി അക്രമകേന്ദ്രമായി മാറിയാൽ, അവിടത്തെ വികാരിയെയാണു നാം കുറ്റപ്പെടുത്തുക. ഒരു രൂപതയിലെ പള്ളികൾ മുഴുവൻ അക്രമകേന്ദ്രങ്ങളായാൽ, ഉത്തരവാദിത്തം മെത്രാനിലേക്കു മാറുന്നു.

പഞ്ചാബിലെ എല്ലാ ഗുരുദ്വാരകളുടെയും ഭരണം നിർവഹിക്കുന്നതു് ശിരോമണി ഗുരുദ്വാര പ്രബന്ധക് സമിതിയാകയാൽ ആ സ്റ്റേറ്റിലെ ഈയിടത്തെ അത്യാഹിതത്തിന് ഉത്തരവാദിത്തം വഹിക്കേണ്ടതു് സമിതിതന്നെയാണ്.

1920–വരെ സിഖ്കാരുടെ ഓരോ ഗുരുദ്വാരയും ഓരോ മഹന്തിന്റെ കീഴിലായിരുന്നു. കേരളത്തിലെ ക്ഷേത്രങ്ങൾ ഊരാണ്മക്കാരുടെ കീഴിലായിരുന്നതുപോലെ എന്നുപറയാം. ഓരോ മഹന്തും ഗുരുദ്വാരയെ തങ്ങളുടെ

കുടുംബസ്വത്തായി കണക്കാക്കി ഭരിക്കുകയും, തങ്ങളുടെ കാലശേഷം മക്കൾക്കു കൈമാറുകയും ചെയ്തുപോന്നു. ഗുരുദ്വാരകളിൽ പലതിനും, മഹാക്ഷേത്രങ്ങൾക്കെന്നപോലെ, വമ്പിച്ച വഴിപാട് വരുമാനം ഉണ്ടായിരുന്നു. മഹന്തുമാർ ഈ 'നടവരവ്' ഉപയോഗപ്പെടുത്തിയിരുന്നത് മതപ്രചാരണത്തിനോ സമൂഹസേവനത്തിനോ അല്ല, സ്വന്തം സുഖഭോഗങ്ങൾക്കായിരുന്നു. ഇത് ഗുരുദ്വാരകളുടെ പരിശുദ്ധിയെത്തന്നെ കളങ്കപ്പെടുത്തുകയും ചെയ്തിരുന്നു. സിഖ്ആരാധനാകേന്ദ്രങ്ങളുടെ ഈ അധഃപതനം തടയുവാൻ ബ്രിട്ടീഷ്ഗവണ്മെൻറ് ഒന്നും ചെയ്തിരുന്നില്ല. ഒന്നാമത്, മതസ്ഥാപനങ്ങളുടെ കാര്യങ്ങളിൽ തങ്ങൾ കൈകടത്തുകയില്ല എന്നതായിരുന്നു ബ്രിട്ടീഷ്ഗവണ്മെൻറിന്റെ നിലപാട്. രണ്ടാമത്, മഹന്തുമാർ പൊതുവേ ബ്രിട്ടീഷ് അനുകൂലികളായിരുന്നു. അവരിലൂടെ ജനങ്ങളുടെമേൽ പിടിമുറുക്കാൻ വിദേശീയഭരണാധികാരികൾക്ക് എളുപ്പമായിരുന്നു.

മഹന്തുമാരുടെ തോന്നിയവാസങ്ങൾകൊണ്ട് പൊറുതിമുട്ടിയപ്പോൾ സിഖ്കാർ 'ഖാൽസാദീവാൻ', 'ഗുരുസിംഗ്സഭ' മുതലായ ചില പ്രാദേശിക സംഘടനകൾ രൂപവല്ക്കരിച്ചു. തങ്ങളുടെ പ്രവർത്തനപരിധിയിൽ വരുന്ന ഗുരുദ്വാരകളുടെ ഭരണത്തിൽ ഒരു പങ്ക് അവകാശപ്പെട്ട് ഈ സംഘടനകൾ കോടതികളെ സമീപിച്ചു. പക്ഷേ, കോടതികൾ ഈ അവകാശം നിരസിക്കുകയാണുണ്ടായത്. കേരളത്തിലും ദേവസ്വം ഭരണത്തിനു നിയമമുണ്ടാകുംവരെ ക്ഷേത്രസ്വത്തുകളിൽ ഊരാണ്മക്കാർക്കുള്ള കേവലാധികാരത്തിന് അംഗീകാരം നൽകുകയാണല്ലോ കോടതികൾ ചെയ്തുവന്നത്.

സുവർണക്ഷേത്രത്തിനടുത്താണ് ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ അവിസ്മരണീയസ്ഥാനമുള്ള ജാലിയൻവാലാബാഗ് മൈതാനം. 1919–ലെ വൈശാഖപൗർണമിനാളിൽ ഈ മൈതാനത്തിൽ നടന്ന കൂട്ടക്കൊല പഞ്ചാബിലെ ജനചേതനയെ ഗാഢനിദ്രയിൽനിന്നു തട്ടിയുണർത്തി. ഗവണ്മെൻറിനെതിരെ പരസ്യമായി സമരംചെയ്യുക അന്നത്തെ പരിതഃസ്ഥിതിയിൽ അസാദ്ധ്യമായിരുന്നു. അതിനാൽ ജനങ്ങളുടെ സ്വാതന്ത്ര്യവാഞ്ഛ, സ്വാഭാവികമായും, സാമൂഹ്യ പരിഷ്കരണരംഗത്തിലേക്കു തിരിഞ്ഞു. മഹന്തുമാർക്കെതിരായ ഒരു ജനകീയപ്രസ്ഥാനം പഞ്ചാബിൽ അങ്ങനെ രൂപംകൊണ്ടു. 1920 നവംബർ 15–ാം തീയതി പതിനായിരത്തോളം സിഖ്കാർ സുവർണക്ഷേത്രത്തിലെ അകാൽതഖ്തിനു മുമ്പിൽ യോഗം ചേർന്നു. തങ്ങൾ 'സർബത്ഖാൽസാ'—എല്ലാ സിഖ്കാരുടെയും സമ്മേളനമാണെന്ന് ഇവർ അവകാശപ്പെട്ടു. ഗുരുദ്വാരകളുടെ നിയന്ത്രണത്തിന് നൂററെഴുപത്തഞ്ച് അംഗങ്ങൾ അടങ്ങിയ ഒരു അനൗദ്യോഗികക്കമ്മററിയെ ഈ യോഗം തെരഞ്ഞെടുത്തു. ഈ കമ്മിററിക്ക് അവർ നൽകിയ പേരാണ് 'ശിരോമണി ഗുരുദ്വാര പ്രബന്ധക്സമിതി' എന്നത്. സുന്ദർസിംഹ് മജീഥിയ എന്നൊരാളായിരുന്നു സമിതിയുടെ ആദ്യത്തെ അദ്ധ്യക്ഷൻ.

ശിരോമണി ഗുരുദ്വാരപ്രബന്ധക് സമിതി 1920 ഡിസംബർ 14–ാം തീയതി ആദ്യമായി യോഗംചേർന്നു. സിഖ്സമൂഹത്തിന്റെ ഇച്ഛാശക്തിയെ പ്രതിനിധാനംചെയ്യുന്നു എന്നതൊഴിച്ചാൽ, സമിതിക്കു നിയമപരമായ അധികാരങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. തങ്ങൾ പറഞ്ഞതു് താന്തോന്നികളായ മഹന്തുമാർ അനുസരിക്കണമെങ്കിൽ, ശക്തിയുള്ള ഒരു വളണ്ടിയർസേന തങ്ങളുടെ കീഴിൽ ഉണ്ടായേ മതിയാവൂ എന്ന് സമിതി കരുതി. ഈ ആവശ്യത്തിനായി അന്നത്തെ യോഗത്തിൽവെച്ച് സമിതി രൂപവല്ക്കരിച്ചു. സിഖ്കാരുടെ വളണ്ടിയർ സൈന്യമാണ്

'അകാലിദൾ'. 'മരണമില്ലാത്ത സൈന്യവിഭാഗം' എന്നാണ് ആ പേരിന്റെ അർത്ഥം.

ഗുരുദ്വാരപരിഷ്കരണത്തിന്റെ എക്സിക്യൂട്ടീവ് വിഭാഗമായിത്തീർന്നു 'അകാലിദൾ' എന്ന വളണ്ടിയർസേന. ഗുരുദ്വാരകളുടെ നിയന്ത്രണം മഹന്തുകളിൽനിന്ന് പിടിച്ചെടുക്കാൻ അകാലിദൾ വീറോടെ പൊരുതി. ബഹുജനങ്ങളുടെ ഇച്ഛാശക്തിക്ക് വഴങ്ങി, ബ്രിട്ടീഷ്ഗവണ്മെന്റ് 1921–ഏപ്രിലിൽ 'ഹർമന്ദിർ സാഹിബ്'' ഒഴികെയുള്ള 'ദർബാർസാഹിബി'ന്റെ—സുവർണക്ഷേത്രം കോംപ്ലക്സിന്റെ—ഭരണം ശിരോമണി ഗുരുദ്വാര പ്രബന്ധക് സമിതിയെ ഏല്പിച്ചു. സുവർണ ക്ഷേത്രത്തിന്റെ താക്കോൽ അപ്പോഴും മഹന്തിന്റെ കൈയിലായിരുന്നു. അതിനാൽ ഗുരുദ്വാര പരിഷ്ക്കരണപ്രസ്ഥാനം പിന്നെയും വർദ്ധിച്ച വീറോടെ മുന്നേറി. ഒടുവിൽ, 1925-ൽ പാസ്സാക്കിയ 'സിഖ്ഗുരുദ്വാരനിയമ'ത്തിലൂടെ ഗവണ്മെന്റ് ശിരോമണി ഗുരുദ്വാരപ്രബന്ധക് സമിതിക്ക് നിയമസാധുത നൽകി. സമിതിയുടെ അദ്ധ്യക്ഷനായിരുന്ന ബാബാഖഡ്ഗ് സിംഹന് സുവർണക്ഷേത്രം ഏല്പിച്ചു കൊടുക്കപ്പെട്ടു. 'സിഖ്ഗുരുദ്വാര നിയമ' പ്രകാരം, ശിരോമണി ഗുരുദ്വാരപ്രബന്ധക് സമിതിയിലേക്കുള്ള തെരഞ്ഞെടുപ്പുകൾ നടക്കുന്നത് ഗവണ്മെന്റിന്റെ മേൽനോട്ടത്തിലാണ്. പ്രായപൂർത്തിയായ എല്ലാ സിഖ്കാർക്കും വോട്ടവകാശമുണ്ട്, തെരഞ്ഞെടുക്കപ്പെട്ട സമിതി അംഗങ്ങളുടെ ആദ്യയോഗത്തിൽ അമൃതസരസ്സിലെ ഡെപ്യൂട്ടി കമ്മീഷണർ അദ്ധ്യക്ഷത വഹിക്കുന്നു ശിരോമണി ഗുരുദ്വാര പ്രബന്ധക് സമിതിയിലെ ഔദ്യോഗികസ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുപ്പു നടക്കുന്നത് ഈ യോഗത്തിൽവെച്ചാണ്.

അങ്ങനെ തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക്, ഗുരുദ്വാരകളുടെ ഭരണം ഔപചാരികമായി ഏല്പിച്ചുകൊടുക്കുന്നത് ഡെപ്യൂട്ടി കമ്മീഷണർ ആകുന്നു. ചുരുക്കത്തിൽ, സർക്കാരിന്റെ മേൽനോട്ടത്തിൽ രൂപവല്ക്കരിക്കപ്പെടുന്നതും, സ്വയംഭരണാധികാരമുള്ളതുമായ, ഒരു നിയമാധിഷ്ഠിത സ്ഥാപനമത്രെ ശിരോമണി ഗുരുദ്വാര പ്രബന്ധക്സമിതി. അവരുടെ വളണ്ടിയർ സേനയാണ് അകാലിദൾ. അകാലിദളിന്റെ ആദ്യത്തെ നേതാവ് സർ മുസിംഹ് ഝബ്ബൽ എന്നൊരാളായിരുന്നു.

ഗുരുദ്വാരകൾക്ക് ആണ്ടുതോറും കോടിക്കണക്കിനു രൂപ വരുമാനമുണ്ട്. ഈ പണം അത്രയും കൈകാര്യംചെയ്യുന്നത് ശിരോമണി ഗുരുദ്വാര പ്രബന്ധക് സമിതിയാകുന്നു. ഗുരുദ്വാരകളിൽ 'ഗ്രന്ഥികൾ' എന്ന പേരിലറിയപ്പെടുന്ന പൂജാരികളെയും മതപ്രചാരകരെയും നിയമിക്കുന്നത് സമിതിയാണ്. പ്രധാനപ്പെട്ട അഞ്ചു തഖ്തുകളിലെ (സിംഹാസനങ്ങൾ എന്നർത്ഥം; മതകാര്യങ്ങളിൽ അന്തിമനിർണയം പുറപ്പെടുവിക്കുന്നത് തഖ്തുകൾ ആണ്) 'ജത്ഥേദാർ'മാരേയും സമിതി നിയമിക്കുന്നു. സമിതിയുടെ കാര്യങ്ങളിൽ സർക്കാർ കൈകടത്തിക്കൂടാ. ഗുരുദ്വാരകളിൽ എന്തു സംഭവിച്ചാലും, അതിന്റെ ഉത്തരവാദിത്തം പൂർണമായും സമിതിക്കാകുന്നു.

സമ്പത്തും അധികാരവും കൈവന്നെങ്കിലും, 1937 വരെ ശിരോമണി ഗുരുദ്വാരപ്രബന്ധക് സമിതിയോ അകാലികളോ രാഷ്ട്രീയ കാര്യങ്ങളിൽ ഇടപെട്ടിരുന്നില്ല. ഗുരുദ്വാര പരിഷ്കരണപ്രസ്ഥാനം മഹന്തുമാർക്കെന്നപോലെ ബ്രിട്ടീഷ്ഗവണ്മെന്റിനും എതിരായിരുന്നതിനാൽ, ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷനൽ കോൺഗ്രസ് ഈ പ്രസ്ഥാനത്തെ മുസ്ലിങ്ങളുടെ ഖിലാഫത്ത് പ്രസ്ഥാനത്തെയെന്നപോലെ, ആത്മാർത്ഥമായി സഹായിച്ചു. കോൺഗ്രസ്സുകാരായ സിഖുകാർ അകാലിസിഖ്കാരിൽനിന്ന് വേറിട്ടുനിന്നില്ല. ഗുരുദ്വാര പരിഷ്കരണപ്രസ്ഥാ

നത്തിലൂടെയാണ് കോൺഗ്രസ് പഞ്ചാബിൽ സിഖ്ബഹുജനങ്ങളുടെ ഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടിയതു്. സിഖ്കാരായ കോൺഗ്രസ് നേതാക്കൾ ഏറെക്കുറെ മുഴുവനും ഈ പ്രസ്ഥാനത്തിലൂടെ വളർന്നുവന്നവരാണ്.

1925–മുതൽ സിഖ്സമൂഹത്തിനു നേതൃത്വം നൽകിവരുന്നതു് ശിരോമണി ഗുരുദ്വാരപ്രബന്ധക് സമിതിയാകുന്നു. സമിതി സൃഷ്ടിച്ച വളണ്ടിയർ സംഘടനയായ 'അകാലിദൾ' ആണ് സമിതിയെ നിയന്ത്രിച്ചുവരുന്നതു്. സമിതി ആരുടെ കൈപ്പിടിയിൽ ഒതുങ്ങണമെന്ന മത്സരത്തിന്റെ ഫലമായി അകാലിദളിൽ അതാതുകാലത്തു് പല പിളർപ്പുകളും ഉണ്ടായിട്ടുണ്ടു്. ഇന്നുമുണ്ടു് അകാലിദളിൽ പരസ്പരം പൊരുതുന്ന പല ഗ്രൂപ്പുകൾ. ശിരോമണി ഗുരുദ്വാര പ്രബന്ധക്സമിതിയെ കൈയടക്കുന്ന ഗ്രൂപ്പിനു് സിഖ്സമൂഹത്തിന്റെമേൽ വമ്പിച്ച സ്വാധീനം ചെലുത്താൻ കഴിയും. കാരണം, കണക്കററ സ്വത്തും അധികാരവും അവരുടെ കൈയിൽ കുമിഞ്ഞുകൂടുന്നു. സമിതിയുടെ കീഴിൽ ശമ്പളം വാങ്ങുന്ന 2500 ഉദ്യോഗസ്ഥന്മാരുണ്ടു്. ആയുധം ധരിച്ച ഒരു രക്ഷാസേനയും അവർക്കു് സ്വന്തമായുണ്ടു്.

അകാലിദൾ ഗുരുദ്വാരകളെ രാഷ്ട്രീയപ്രവർത്തനങ്ങളുടെ കളമാക്കുന്നു എന്നു് പ്രതിയോഗികൾ ആക്ഷേപിക്കുമ്പോൾ, അകാലികൾ പറയുന്നതു്, സിഖ്കാരെ സംബന്ധിച്ചിടത്തോളം മതവും രാഷ്ട്രീയവും അവിഭാജ്യമാണെന്നാണ്. ഇക്കാര്യത്തിൽ ഏറെക്കുറെ മുസ്ലിങ്ങളുടെ നിലപാടുതന്നെയാണ് സിഖ്കാരുടേതും. എന്നാൽ, സർക്കാരിനെതിരെയുള്ള തുറന്ന ഒരു സായുധകലാപത്തിനു് ഗുരുദ്വാരകളെ ഉപയോഗപ്പെടുത്തുന്നതു് ഇതാദ്യമായാണ്. ശിരോമണി ഗുരുദ്വാരപ്രബന്ധക്സമിതിയുടെ അറിവുകൂടാതെയല്ല ഇതു്. സമിതിയുടെ പ്രസിഡണ്ടും വൈസ് പ്രസിഡണ്ടും കൂടെക്കൂടെ സുവർണക്ഷേത്രത്തിൽ പോകാറുണ്ടു്; സമിതിയുടെ സെക്രട്ടറിയും അസിസ്റ്റന്റ് സെക്രട്ടറിയും പാർക്കുന്നതു് സുവർണക്ഷേത്രത്തിൽത്തന്നെയാണ്.

ഇനിയെന്തു്?

1920 നവംബർ 15–ാം തീയതി ചേർന്നതുപോലെ സിഖ്കാരുടെ മുഴുവൻ ഒരു സമ്മേളനം—സർബത്ഖാൽസാ—വിളിച്ചുകൂട്ടുകയും അതിൽ വെച്ച് അഞ്ഞൂറോ അധികമോ അംഗങ്ങളുള്ള ഒരു സമിതിയെ തെരഞ്ഞെടുത്തു് ഗുരുദ്വാരകളുടെ ഭരണം അവർക്കു് ഏല്പിച്ചുകൊടുക്കുകയും വേണമെന്നാണ് ഒരു നിർദ്ദേശം. 1925–ലെ സിഖ്ഗുരുദ്വാരനിയമം റദ്ദാക്കണം. ഗുരുദ്വാരകളുടെ ഭരണം സിഖ്സമൂഹം (സർബത്ഖാൽസാ) നേരിട്ടു് ഏറെറടുക്കുകയും തങ്ങൾ പുതുതായി രൂപവല്ക്കരിക്കുന്ന സമിതിക്കു് അതു് ഏല്പിച്ചുകൊടുക്കുകയുംവേണം. ഗുരുദ്വാരകളെ രാഷ്ട്രീയാവശ്യങ്ങൾക്കു് ഭാവിയിൽ ദുരുപയോഗപ്പെടുത്തുന്നതു് തടയാനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ഒരു പുതിയ സിഖ് ഗുരുദ്വാരനിയമം ഉണ്ടാക്കണം. എല്ലാ മതക്കാരുടെയും മതസ്ഥാപനങ്ങൾ സംബന്ധിച്ച നിയമങ്ങളിൽ, ഈ സ്ഥാപനങ്ങളിൽ ആയുധം സംഭരിക്കുന്നതും മററും തടയാനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുകയുംവേണം. 'പഞ്ചാബിപാർട്ടി'യുടെ തലവനും സിഖുമായ ശ്രീ ബി. എസ്. ദാനേവാലിയ ആണ് ഈ നിർദ്ദേശം ഉന്നയിച്ചിട്ടുള്ളതു്. സിഖ്സമുദായം (മററു മതവിഭാഗങ്ങളും) ഈ നിർദ്ദേശത്തോടു് എങ്ങനെ പ്രതികരിക്കുന്നു എന്നു് കണ്ടറിയേണ്ടതാണ്.

(27 ജൂൺ, 1984)